## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3569 20.10.2016 – ൽ മറുപടിക്ക്

# അഴീക്കോട് - മുനമ്പം പാലം നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) അഴീക്കോട് - മുനമ്പം പാലത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ ഇനി എന്തെല്ലാം കാര്യങ്ങൾ പൂർത്തീകരിക്കണമെന്ന വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തി വേഗത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (എ) അഴീക്കോട് - മുനമ്പം പാലത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ പുതുക്കിയ ഭരണാനുമതി, ലാന്റ് അക്വസിഷൻ നടപടികൾ, പാരിസ്ഥിതിക ആഘാത പഠനം തുടങ്ങിയവ ആവശ്യമാണ്. ആയതിന്റെ ലാന്റ് അക്വസിഷനു വേണ്ടി 7.75 കോടി രൂപ വകവരുത്തിയിട്ടുണ്ട്. മുനമ്പം ഭാഗത്ത് കുഴുപ്പള്ളി വില്ലേജിൽ 53 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് 4 (1) നോട്ടിഫിക്കേഷനും അഴിക്കോട് വില്ലേജിലെ 60 സെന്റ് ഏറ്റെടുക്കുന്നതിന് 6 (1) നോട്ടിഫിക്കേഷനും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമല്ലാത്തതിനാൽ തുടർ നടപടികൾ റവന്യൂ വകുപ്പ് നിർത്തിവച്ചിരിക്കുകയാണ്. പുതുക്കിയ എൽ. എ. ആക്ട് അനുസരിച്ച് റിക്വിസിഷൻ ഫോം |

റവന്യൂ വകുപ്പിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പാരിസ്ഥിതിക ആഘാത പഠനത്തിന്റെ ആവശ്യകത അറിയുന്നതിനായി സെക്രട്ടറി സ്റ്റേറ്റ് ലെവൽ എൻവയർമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിക്ക് 08.07.2014 – ലും 19.10.2015 – ലും കത്തയച്ചിട്ടുണ്ട്. ഇതിന് തീരുമാനം ലഭിക്കുന്ന മുറയ്ക്കേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ